കോടി രൂപയും 1997-98-ൽ 724.04 കോടി രൂപയും ആയിരുന്നു. 1998-99-ലെ കണക്ക് ലഭ്യമല്ല.

(ബി) ഇത് അതത് വർഷങ്ങളിൽ കേന്ദ്രഗവൺമെന്റിന്റെ ആകെ നിക്ഷേപത്തിന്റെ യഥാക്രമം 1.68 ശതമാനമാനവും 2.14 ശതമാനവും, 2.39 ശതമാനവും വീതമാണ്.

16 (572) വ്യവസായനിക്ഷേപം കുറയുന്ന സ്ഥിതി

ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വ്യവസായ നിക്ഷേപം കുറയുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ)&(ബി)ഇല്ല. എന്നാൽ സംസ്ഥാനത്തെ കേന്ദ്രഗവൺമെന്റിന്റെ നിക്ഷേപം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

17 (573) സർക്കാർ മേഖലയിൽ ടെലിവിഷൻ ചാനൽ

ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ടെലിവിഷൻ ചാനൽ ആരംഭിക്കുന്നതിന് വിവരസാങ്കേതിക വകുപ്പ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതിനായി കേന്ദ്ര സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ടോ;

(ഡി) ഈ ആവശ്യത്തിനായി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ഡി) സംസ്ഥാന സർക്കാരിന് പ്രത്യേകമായി ഒരു ടി.വി. ചാനൽ സ്ഥാപിക്കുന്നതിനുള്ള അനുവാദത്തിനായി കേന്ദ്രസർക്കാരിനെ സമീപിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

18 (574) കെ.എസ്.ഐ.ഡി.സി.യുടെ കൊച്ചി മേഖലാ ഓഫീസ്

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി.യുടെ കൊച്ചി മേഖലാ ഓഫീസ് പ്രവർത്തനം ആരംഭിച്ചതെന്നാണ്;

(ബി) ഈ ഓഫീസിന് ഏതെല്ലാം ജില്ലകളുടെമേൽ അധികാരപരിധിയുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly